سورة التكوير

81. സൂറതു ത്തക്‌വീർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 29

ഇമാം അഹ്മദ്, തിർമദീ, ഹാകിം (റ) എന്നിവർ നിവേദനം ചെയ്തിട്ടുള്ള ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു; 'ക്വിയാമത്ത്നാളിനെ കണ്ണു കൊണ്ട് കാണുന്നപോലെ നോക്കിക്കാണുവാൻ ആരെങ്കിലും ഇഷ്ടപ്പെടുന്നുവെങ്കിൽ, അവൻ إذا الشمس كورت و إذا السماء انفطرت و إذا السماء انشقت (സൂ: തക്‌വീർ, സൂ: ഇൻഫിത്വാർ, സൂ: ഇൻശിക്വാക്ക്) എന്നിവ ഓതിക്കൊള്ളട്ടെ.'

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا ٱلشَّمۡسُ كُوِّرَتۡ ﴿١﴾

《1》 സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ;-

وَإِذَا ٱلنُّجُومُ ٱنكَدَرَتۡ ﴿٢﴾

《2》 നക്ഷത്രങ്ങൾ ഉതിർന്നുവീഴുകയും ചെയ്യുമ്പോൾ;-

وَإِذَا ٱلۡجِبَالُ سُيِّرَتۡ ﴿٣﴾

《3》 പർവതങ്ങൾ (സ്ഥാനംവിട്ട്) നടത്തപ്പെടുകയും ചെയ്യുമ്പോൾ;-

وَإِذَا ٱلۡعِشَارُ عُطِّلَتۡ ﴿٤﴾

《4》 പൂർണഗർഭിണികളായ ഒട്ടകങ്ങൾ വെറുതെ (ഒഴിച്ച്) വിടപ്പെടുകയും ചെയ്യുമ്പോൾ;-

وَإِذَا ٱلۡوُحُوشُ حُشِرَتۡ ﴿٥﴾

《5》 കാട്ടുജന്തുക്കൾ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുമ്പോൾ;

وَإِذَا ٱلۡبِحَارُ سُجِّرَتۡ ﴿٦﴾

《6》 സമുദ്രങ്ങൾ തിളച്ചുമറിക്കപ്പെടുകയും ചെയ്യുമ്പോൾ;

وَإِذَا ٱلنُّفُوسُ زُوِّجَتْ ﴿٧﴾	﴾7﴿ ആത്മാക്കൾ (അഥവാ ആളുകൾ കൂട്ടി) ഇണക്കപ്പെടുകയും ചെയ്യുമ്പോൾ;-
وَإِذَا ٱلْمَوْءُۥدَةُ سُئِلَتْ ﴿٨﴾	﴾8﴿ (ജീവനോടെ) കഴിച്ചുമൂടപ്പെട്ട (പെൺ) ശിശു ചോദ്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ;-
بِأَىِّ ذَنۢبٍ قُتِلَتْ ﴿٩﴾	﴾9﴿ ഏതൊരു കുറ്റത്തിനാണ് അത് കൊല്ലപ്പെട്ടത് എന്ന്;-
وَإِذَا ٱلصُّحُفُ نُشِرَتْ ﴿١٠﴾	﴾10﴿ ഏടുകൾ (തുറന്ന്) വിരുത്തപ്പെടുകയും ചെയ്യുമ്പോൾ;-
وَإِذَا ٱلسَّمَآءُ كُشِطَتْ ﴿١١﴾	﴾11﴿ ആകാശം ഉരി(ച്ചു മറനീ)ക്കപ്പെടുകയും ചെയ്യുമ്പോൾ;-
وَإِذَا ٱلْجَحِيمُ سُعِّرَتْ ﴿١٢﴾	﴾12﴿ ജ്വലിക്കുന്ന അഗ്നി [നരകം] ആളിക്കത്തിക്കപ്പെടുകയും ചെയ്യുമ്പോൾ;-
وَإِذَا ٱلْجَنَّةُ أُزْلِفَتْ ﴿١٣﴾	﴾13﴿ സ്വർഗം അടുപ്പിച്ചുകൊണ്ട് വരപ്പെടുകയും ചെയ്യുമ്പോൾ;-
عَلِمَتْ نَفْسٌ مَّآ أَحْضَرَتْ ﴿١٤﴾	﴾14﴿ (അപ്പോൾ) ഓരോ ആളും താൻ തയ്യാറാക്കിക്കൊണ്ട് വന്നതെന്തെന്ന് അറിയുന്നതാണ്!

﴾1﴿ إِذَا ٱلشَّمْسُ സൂര്യനാകുമ്പോൾ, (ആകുന്ന സമയം- ആകയാൽ) كُوِّرَتْ അത് ചുറ്റിപ്പൊതിയ (ചുരുട്ടിമടക്ക)പ്പെടു(മ്പോൾ) ﴾2﴿ وَإِذَا ٱلنُّجُومُ നക്ഷത്രങ്ങളാകുമ്പോൾ ٱنكَدَرَتْ അവ ഉതിർന്ന് (കൊഴിഞ്ഞു) ചാടു(മ്പോൾ) ﴾3﴿ وَإِذَا ٱلْجِبَالُ പർവതങ്ങളാകുമ്പോൾ سُيِّرَتْ അവ നടത്തപ്പെടു(മ്പോൾ) ﴾4﴿ وَإِذَا ٱلْعِشَارُ (പൂർണ) ഗർഭിണികളായ ഒട്ടകങ്ങൾ ആകുമ്പോൾ عُطِّلَتْ അവ വെറുതെ വിട(മിനക്കെടുത്ത)പ്പെടു(മ്പോൾ) ﴾5﴿ وَإِذَا ٱلْوُحُوشُ കാട്ടുജന്തുക്കളാകുമ്പോൾ حُشِرَتْ അവ ഒരുമിച്ചുകൂട്ടപ്പെടു(മ്പോൾ) ﴾6﴿ وَإِذَا ٱلْبِحَارُ സമുദ്രങ്ങളാകുമ്പോൾ سُجِّرَتْ അവ തിളച്ചുമറിക്ക (കവിച്ചൊഴിക്ക- കത്തിക്ക)പ്പെടു(മ്പോൾ) ﴾7﴿ وَإِذَا ٱلنُّفُوسُ ആത്മാക്കൾ (ദേഹങ്ങൾ- ആളുകൾ) ആകുമ്പോൾ زُوِّجَتْ അവ ഇണക്കപ്പെടു(മ്പോൾ) ﴾8﴿

وَإِذَا ٱلْمَوْءُۥدَةُ (ജീവനോടെ) കുഴിച്ചുമൂടപ്പെട്ടത് (കുഴിച്ചു മൂടപ്പെട്ടവ) ആകുമ്പോൾ سُئِلَتْ അത് (അവ) ചോദ്യം ചെയ്യപ്പെടു(മ്പോൾ) ﴿9﴾ بِأَىِّ ذَنۢبٍ ഏത് കുറ്റം (പാപം) നിമിത്തമാണ് قُتِلَتْ അത് കൊല്ലപ്പെട്ടത് എന്ന് ﴿10﴾ وَإِذَا ٱلصُّحُفُ ഏടുകളാകുമ്പോൾ نُشِرَتْ അവ വിരുത്തരപ്പെടു(മ്പോൾ) ﴿11﴾ وَإِذَا ٱلسَّمَآءُ ആകാശമാകുമ്പോൾ كُشِطَتْ അത് (തോൽ) ഉരിച്ചു നീക്കപ്പെടു(മ്പോൾ) ﴿12﴾ وَإِذَا ٱلْجَحِيمُ ജ്വലിക്കുന്ന അഗ്നി (നരകം) ആകുമ്പോൾ سُعِّرَتْ അത് ആളിക്കത്തിക്കപ്പെടു(മ്പോൾ) ﴿13﴾ وَإِذَا ٱلْجَنَّةُ സ്വർഗം ആകുമ്പോൾ أُزْلِفَتْ അത് അടുപ്പിക്ക (അടുത്തവരുത്ത)പ്പെടു(മ്പോൾ) ﴿14﴾ عَلِمَتْ അറിയും نَفْسٌ ഏത് (ഓരോ) ദേഹവും (ആളും, ആത്മാവും) مَّآ أَحْضَرَتْ അതെന്ത് ഹാജരാക്കിയെന്ന്, അത് തയ്യാറാക്കിയത്

കിയാമത്തുനാളിലെ കഠിനകഠോരങ്ങളായ ചില സംഭവവികാസങ്ങളാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:

(1) സൂര്യൻ ചുറ്റിപ്പൊതിയപ്പെടുന്നു. അഥവാ അതിന്റെ പ്രകാശം നഷ്ടപ്പെട്ടുപോകുന്നു.

(2) നക്ഷത്ര ഗ്രഹങ്ങളെല്ലാം അവയുടെ സ്ഥാനവും ക്രമവും വിട്ട് കൊഴിഞ്ഞുവീഴുന്നു.

(3) പർവതങ്ങൾ അവയുടെ സ്ഥാനംവിട്ട് നീക്കപ്പെടുകയും തട്ടിത്തകർക്കപ്പെടുകയും ചെയ്യുന്നു.

(4) അറബികളുടെ അടുക്കൽ പ്രത്യേക പരിഗണനയുള്ളതും, അവരുടെ സമ്പത്തുകളിൽ വിലപ്പെട്ടതുമായ പൂർണഗർഭിണികളായ ഒട്ടകങ്ങൾപോലും അഗണ്യ കോടിയിൽ തള്ളപ്പെടുന്നു. അവയെപ്പറ്റി ശ്രദ്ധിക്കുവാൻ ആർക്കും അവസരം ഉണ്ടാകയില്ല.

(5) കാട്ടുജീവികളും, ദുഷ്ടജന്തുക്കളും പരിഭ്രാന്തി നിമിത്തം പരസ്പരം യാതൊരു അക്രമമോ എതിർപ്പോ കൂടാതെ കൂടിക്കലരുന്നു.

(6) ഭൂമിയുടെ സ്വഭാവം പാടെ മാറിപ്പോകുന്ന കൂട്ടത്തിൽ സമുദ്രങ്ങൾ തിളച്ചുമറിയുകയും കവിഞ്ഞൊഴുകുകയും ചെയ്യുന്നു. അല്ലെങ്കിൽ സമുദ്രജലം വറ്റി തൽസ്ഥാനത്ത് തീപിടിച്ച് പോകുന്നു എന്നും സാരമായിരിക്കാം. ഇപ്പറഞ്ഞതെല്ലാം ആകാശഭൂമികളിൽ ഉണ്ടാകുന്ന സംഭവവികാസങ്ങളാകുന്നു. അതെ, ഭൂമിയും ആകാശവും ഇന്നത്തേതിൽനിന്ന് വളരെ വ്യത്യസ്തമായ മറ്റൊരു രൂപ

ത്തിൽ മാറ്റം ചെയ്യപ്പെടുന്ന ദിവസമാണത്. (يوم تبدل الأرض غير الأرض – ابراهيم)

(7) ഓരോ തരത്തിലുള്ള ആളുകളും അതേ തരത്തിലുള്ള ആളുകളുമായി ഇണക്കപ്പെടുന്നു. അഥവാ, നല്ലവർ നല്ലവരുമായും, ചീത്തപ്പെട്ടവർ ചീത്തപ്പെട്ടവരുമായും കൂട്ടിച്ചേർക്കപ്പെടും. അല്ലെങ്കിൽ ഓരോ ആത്മാവും അതിന്റെ ജഡവുമായി സംയോജിപ്പിക്കപ്പെടുമെന്ന് സാരം. 7 -ാം വചനത്തിന് ഈ രണ്ട് പ്രകാരത്തിലും വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു.

(8) പെൺകുഞ്ഞ് പിറക്കുമ്പോൾ ദാരിദ്ര്യവും അപമാനവുംഭയന്ന് അതിനെ ജീവനോടെ കുഴിച്ചുമൂടുന്ന പതിവ് ജാഹിലിയ്യാകാലത്തുണ്ടായിരുന്നുവല്ലോ. ആ കുഞ്ഞുങ്ങളെ കൊലപ്പെടുത്തുവാൻ അവർ ചെയ്ത തെറ്റുകുറ്റങ്ങളെന്തെന്ന് ചോദ്യം ചെയ്യപ്പെടുന്നു. അഥവാ അവരുടെ കാര്യം പ്രത്യേകം വിചാരണക്ക് വരുന്നു.

(9) ഓരോരുത്തന്റെ സകലകർമങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഏടുകൾ ഹാജരാക്കപ്പെടുകയും അവരവർ വായിച്ചുനോക്കുമാറ് അവ നിവർത്തി കൈകളിൽ നൽകപ്പെടുകയും ചെയ്യുന്നു.

(10) മൃഗങ്ങളുടെ തോലുരിച്ചെടുക്കുന്നതുപോലെ ആകാശത്തിന്റെ മറകളെല്ലാം നീക്കി മാറ്റി അവ നഗ്നമാക്കി വെളിവാക്കപ്പെടുന്നു.

(11) എത്രയോ കാലമായി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന നരകം അന്ന് പ്രത്യേകം ആളിക്കത്തിക്കപ്പെടുന്നു.

(12) സ്വർഗം സജ്ജനങ്ങളുടെ അടുക്കലേക്ക് അടുപ്പിച്ചുകൊണ്ടുവരപ്പെടുന്നു. وأزلفت الجنة للمتقين وبرزت الجحيم للغاوين–شعراء:٩١ (സ്വർഗം ഭയഭക്തൻമാരിലേക്ക് അടുപ്പിക്കപ്പെടും. ജ്വലിക്കുന്ന നരകം ദുർമാർഗികളിലേക്ക് വെളിവാക്കപ്പെടുകയും ചെയ്യും.)

ഇങ്ങനെയുള്ള അതിഗൗരവ ഘട്ടങ്ങൾ അനുഭവത്തിൽ കാണുന്ന അവസരത്തിൽ ഓരോ ആൾക്കും ശരിക്കും അറിയാറാകും, താൻ ഏതെല്ലാം കർമങ്ങളാണ് മുൻജീവിതത്തിൽവെച്ച് തയ്യാറാക്കിക്കൊണ്ട് വന്നിരിക്കുന്നത്, അവയിൽ സൽക്കർമം ഏതൊക്കെയാണ് ദുഷ്ക്കർമം ഏതെല്ലാമാണ് എന്നൊക്കെ. എല്ലാം അവന്റെ ഏട്ടിലും, അവന്റെ ഓർമയിലും അവന് തെളിഞ്ഞുകാണും. ആ അവസരത്തിൽ സ്വന്തം ഏട്ടിൽ സൽക്കർമങ്ങൾ കണ്ടാനന്ദിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തിത്തരട്ടെ. ആമീൻ.

فَلَآ أُقۡسِمُ بِٱلۡخُنَّسِ ﴿١٥﴾

﴿15﴾ എന്നാൽ, പിൻവാങ്ങിപ്പോകുന്നവകൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു;-

ٱلۡجَوَارِ ٱلۡكُنَّسِ ﴿١٦﴾

﴿16﴾ (അതായത്) സഞ്ചരിച്ചുകൊണ്ടിരിക്കുന്നവ; അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നവ;

وَٱلَّيۡلِ إِذَا عَسۡعَسَ ﴿١٧﴾

﴿17﴾ രാത്രി (ഇരുട്ടുമായി മുന്നോട്ട്- അല്ലെങ്കിൽ പിന്നോട്ട്) ഗമിക്കുമ്പോൾ അതുകൊണ്ടും;-

وَٱلصُّبۡحِ إِذَا تَنَفَّسَ ﴿١٨﴾

﴿18﴾ പ്രഭാതം (വികസിച്ച്) വെളിച്ചം വീശിവരുമ്പോൾ അതുകൊണ്ടും (സത്യം ചെയ്തു പറയുന്നു);-

إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ﴿١٩﴾

﴿19﴾ നിശ്ചയമായും ഇത് [ക്വുർആൻ] മാന്യനായ ഒരു ദൂതന്റെ വാക്കാകുന്നു;-

ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ﴿٢٠﴾

﴿20﴾ (അതെ) ശക്തിമാനായുള്ളവൻ, 'അർശി'ന്റെ [സിംഹാസനത്തിന്റെ] ഉടമസ്ഥന്റെ അടുക്കൽ സ്ഥാനമുള്ളവൻ,-

مُّطَاعٖ ثَمَّ أَمِينٖ ﴿٢١﴾

﴿21﴾ അവിടെ അനുസരിക്കപ്പെടുന്നവൻ, വിശ്വസ്തൻ. [അങ്ങനെയുള്ള ഒരു ദൂതന്റെ വാക്കാണ്.]

﴿15﴾ فَلَآ أُقۡسِمُ എന്നാൽ ഞാൻ സത്യം ചെയ്തുപറയുന്നു بِٱلۡخُنَّسِ പിൻമാറി
(മടങ്ങി) പ്പോകുന്നുവകൊണ്ട് ﴿16﴾ ٱلۡجَوَارِ നടക്കുന്നവ, സഞ്ചരിക്കുന്നവ ٱلۡكُنَّسِ
മറഞ്ഞുപോകുന്നവ, അപ്രത്യക്ഷമാകുന്നവ ﴿17﴾ وَٱلَّيۡلِ രാത്രിയെക്കൊണ്ടും
إِذَا عَسۡعَسَ അത് മുമ്പോട്ട് (അല്ലെങ്കിൽ പിമ്പോട്ട്) ഗമിക്കുമ്പോൾ, ഇരുട്ടിവരുമ്പോൾ
﴿18﴾ وَٱلصُّبۡحِ പ്രഭാതംകൊണ്ടും إِذَا تَنَفَّسَ അതുവെളിച്ചപ്പെട്ടു (വിടർന്നു) വരു
മ്പോൾ, ആശ്വാസം കൊള്ളുമ്പോൾ ﴿19﴾ إِنَّهُۥ നിശ്ചയമായും അത് لَقَوۡلُ വാക്കു
തന്നെ رَسُولٖ كَرِيمٖ മാന്യനായ ഒരു ദൂതന്റെ ﴿20﴾ ذِي قُوَّةٍ ശക്തിമാനായ

مُّطَاعٍ അനുസരിക്കപ്പെടുന്നവൻ ثَمَّ അവിടെ أَمِينٍ വിശ്വസ്തൻ ﴾21﴿ مَكِينٍ സ്ഥാനി عِندَ ذِى ٱلْعَرْشِ അർശിന്റെ ഉടമസ്ഥന്റെ അടുക്കൽ

لا أقسم (ഞാൻ സത്യം ചെയ്തു പറയുന്നു) എന്ന വാക്കിന്റെ ഘടനയെയും അർത്ഥത്തെയും സംബന്ധിച്ച് സൂ: വാകിഅഃ (الواقعة)യിലും മറ്റും പ്രസ്താവിച്ചത് ഓർക്കുക. മൂന്ന് വസ്തുക്കളെക്കൊണ്ട് അല്ലാഹു ഇവിടെ സത്യം ചെയ്ത് പറഞ്ഞിരിക്കുന്നു:

(1) നക്ഷത്രങ്ങളെക്കൊണ്ട്. രാത്രി നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുകയും പകൽ അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ചില നക്ഷത്രങ്ങൾ അവയുടെ സഞ്ചാരപഥത്തിലൂടെ മുന്നോട്ട് വന്നു പ്രത്യക്ഷപ്പെട്ടതിനുശേഷം വീണ്ടും പിന്നോട്ട്മടങ്ങി കാഴ്ചയിൽനിന്ന് മറഞ്ഞുപോകുന്നു. നക്ഷത്രങ്ങളുടെ ഇങ്ങനെയുള്ള സ്വഭാവവിശേഷങ്ങളാണ് 15, 16 വചനങ്ങളിൽ (الخنس الجوار الكنس) എന്ന് പറഞ്ഞിരിക്കുന്നത്.

(2) രാത്രിയെക്കൊണ്ട്. 'മുമ്പോട്ടുവെച്ച്' എന്നും, 'പിമ്പോട്ടുവെച്ച്' എന്നുമുള്ള രണ്ട് വിപരീതാർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കാണ് عسعس എന്ന ക്രിയ. അതുകൊണ്ട് 17 -ാം വചനത്തിൽ രാത്രിയുടെ സ്വഭാവവിശേഷമായി പ്രസ്താവിച്ച ആ വാക്കിന്റെ താൽപര്യം രാത്രി ഇരുട്ടുമായി മുമ്പോട്ടുവരുന്ന അവസരത്തിൽ എന്നോ, അല്ലെങ്കിൽ അത് അതിന്റെ ഇരുട്ടുംകൊണ്ട് പിന്നോട്ടു പോകുന്ന അവസരത്തിൽ എന്നോ ആകാവുന്നതാകുന്നു. രണ്ടായിരുന്നാലും കാര്യം വ്യക്തമാണല്ലോ.

(3) പ്രഭാതംകൊണ്ട്. പ്രഭാതത്തിന്റെ വിശേഷതയായി പ്രസ്താവിച്ച تنفس എന്ന വാക്കിന് 'ആശ്വസിച്ചു, ശ്വസിച്ചു, വികസിച്ചു, വെളിപ്പെട്ടു' എന്നൊക്കെ സന്ദർഭമനുസരിച്ച് അർത്ഥം വരുന്നതാണ്. പ്രഭാതം അതിന്റെ വെളിച്ചം പരത്തിക്കൊണ്ട് വെളിപ്പെട്ടു വ്യാപിക്കുന്ന അവസ്ഥയാണ് 18 -ാം വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അല്ലാഹു ഉപയോഗിച്ചിരിക്കുന്ന ഓരോ സത്യവാചകങ്ങൾ പരിശോധിച്ചാലും ചിന്തിക്കുന്നവർക്ക് അതിൽ പല തത്വങ്ങളും പാഠങ്ങളും ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്.

വിശുദ്ധ ക്വുർആന്റെ സത്യത സ്ഥാപിക്കുകയാണ് ഈ സത്യങ്ങൾ മുഖേന അല്ലാഹു ചെയ്യുന്നത്. അല്ലാഹുവിങ്കൽ നിന്ന് ക്വുർആൻ നബിﷺക്ക് വന്നുകിട്ടുന്നത് ജിബ്‌രീൽ (അ) മുഖേനയാണല്ലോ. അദ്ദേഹം വളരെ മാന്യനായ ഒരു ദൈവദൂതനാകുന്നു. വളരെ ശക്തിമാനും, ലോകാലോകങ്ങളുടെ സിംഹാസനാധിപതിയായ അല്ലാഹുവിന്റെ അടുക്കൽ ഉയർന്ന സ്ഥാനമാനങ്ങളുള്ള മഹാനുമത്രെ. മാത്രമല്ല, അവിടെ- അഥവാ മലക്കുകളുടെ ആവാസകേന്ദ്രമായ 'മല

ഉൽ അഅ്ലാ'യിൽ- അനുസരിക്കപ്പെടുന്ന നേതാവുമാണ്. ഇത്രയും മഹാനും, വിശ്വസ്തനും, യോഗ്യനുമായ ആ മലക്കാണ് തിരുമേനിക്ക് ക്വുർആൻ എത്തിച്ചുകൊടുക്കുന്നത്. അദ്ദേഹം പറഞ്ഞുകൊടുക്കുന്ന അതേ വചനങ്ങളാണ് ക്വുർആൻ. അപ്പോൾ, ക്വുർആൻ വന്നു കിട്ടിയമാർഗം അങ്ങേഅറ്റം സുരക്ഷിതവും വിശ്വസനീയവുമാകുന്നു. എനി, ആ മഹാദൂതനിൽനിന്ന് അത് ഏറ്റുവാങ്ങി സമുദായ മദ്ധ്യെ ഓതിക്കേൾപ്പിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യുന്ന ആ ദൈവദൂതന്റെ- അതെ, നബി തിരുമേനിﷺയുടെ -സ്ഥിതിയോ? അതാണ് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. അല്ലാഹു പറയുന്നു:-

وَمَا صَاحِبُكُم بِمَجْنُونٍ ﴿٢٢﴾

﴾22﴿ നിങ്ങളുടെ ചങ്ങാതി ഒരു ഭ്രാന്തൻ അല്ലതാനും.

وَلَقَدْ رَءَاهُ بِٱلْأُفُقِ ٱلْمُبِينِ ﴿٢٣﴾

﴾23﴿ തീർച്ചയായും അദ്ദേഹത്തെ [ആ ദൂതനെ] പ്രത്യക്ഷമായ (നഭോ) മണ്ഡലത്തിൽവെച്ച് അദ്ദേഹം കണ്ടിട്ടുണ്ട്.

وَمَا هُوَ عَلَى ٱلْغَيْبِ بِضَنِينٍ ﴿٢٤﴾

﴾24﴿ അദ്ദേഹമാകട്ടെ, അദൃശ്യവാർത്തയെപ്പറ്റി പിശുക്ക് കാണിക്കുന്ന ആളുമല്ല.

وَمَا هُوَ بِقَوْلِ شَيْطَٰنٍ رَّجِيمٍ ﴿٢٥﴾

﴾25﴿ അത് [ക്വുർആൻ] ആട്ടപ്പെട്ട [ശപിക്കപ്പെട്ട] വല്ല പിശാചിന്റെ വാക്കും അല്ല.

﴾22﴿ وَمَا അല്ല, അല്ലതാനും صَاحِبُكُم നിങ്ങളുടെ ചങ്ങാതി, കൂട്ടാളി بِمَجْنُونٍ ഒരു ഭ്രാന്തൻ ﴾23﴿ وَلَقَدْ رَءَاهُ തീർച്ചയായും അദ്ദേഹം അദ്ദേഹത്തെ കണ്ടിട്ടുണ്ട്. بِٱلْأُفُقِ നഭോമണ്ഡലത്തിൽ (ഉപരി) മണ്ഡലത്തിൽ, ചക്രവാളത്തിൽ, വെച്ച് ٱلْمُبِينِ പ്രത്യക്ഷമായ ﴾24﴿ وَمَا هُوَ അദ്ദേഹം അല്ലതാനും عَلَى ٱلْغَيْبِ അദൃശ്യവിവരത്തെക്കുറിച്ച്, മറഞ്ഞവിഷയത്തിൽ بِضَنِينٍ പിശുക്ക് (ലുബ്ധ്) പിടിക്കുന്നവൻ ﴾25﴿ وَمَا هُوَ അതല്ലതാനും بِقَوْلِ شَيْطَٰنٍ വല്ല പിശാചിന്റെയും വചനം, ഒരു പിശാചിന്റെ വാക്ക് رَّجِيمٍ ആട്ട (ശപിക്ക)പ്പെട്ട

അതെ, അദ്ദേഹം നിങ്ങൾക്ക് സുപരിചിതനാണ്. അദ്ദേഹം ജനിച്ചുവളർന്നതും ജീവിച്ചുവരുന്നതും നിങ്ങൾക്കിടയിൽതന്നെ. അദ്ദേഹത്തിന് ഭ്രാന്തോ ബുദ്ധിഭ്രമമോ ഒന്നുമില്ല. അദ്ദേഹം ബുദ്ധിമാനും വിശ്വസ്തനുമാണ്. എന്നൊക്കെ നിങ്ങൾക്കറിയാമല്ലോ. മുകളിൽ പ്രസ്താവിക്കപ്പെട്ട ആ മഹാദൂതനെ അദ്ദേഹം നേരിൽതന്നെ ഉപരിമണ്ഡലത്തിൽവെച്ച് കണ്ട് പരിചയപ്പെട്ടിട്ടുണ്ട്. അല്ലാഹു

വിൽനിന്ന് ലഭിക്കുന്ന അദൃശ്യവിവരങ്ങൾ അതേപടി എത്തിച്ചുകൊടുക്കുവാൻ വല്ല വിധേനയും പിശുക്ക് കാട്ടി ഒളിച്ചും മറച്ചും വെക്കുന്ന സ്വഭാവക്കാരനുമല്ല അദ്ദേഹം. നിങ്ങൾ ജൽപിക്കാറുള്ളതുപോലെ, അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്നും ആട്ടി ദൂരത്താക്കപ്പെട്ട വല്ല പിശാചും മുഖേന ലഭിച്ചതുമല്ല ഈ ക്വുർആൻ. വളരെ അനുഗൃഹീതനും മാന്യനുമായ ആൾ വഴിയല്ലാതെ-അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായ പിശാചുക്കളിൽനിന്ന്- ഇത്തരം ഉൽകൃഷ്ടവും പരിപാവനവുമായ വചനങ്ങൾ എങ്ങനെ ലഭിക്കാനാണ്? നിങ്ങൾ ഒട്ടും ആലോചിക്കുന്നില്ലേ?എന്നൊക്കെയാണ് ഈ വചനങ്ങളുടെ രത്നചുരുക്കം. ജിബ്‌രീൽ (അ)നെ നബിﷺപലവട്ടം കാണുകയുണ്ടായിട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ തന്നെ രണ്ടുപ്രാവശ്യം നബിﷺ കണ്ടിട്ടുണ്ടെന്നും പ്രസിദ്ധമാണല്ലോ. സാക്ഷാൽ രൂപത്തിലുള്ള കാഴ്ചയെക്കുറിച്ചാണ് 23 -ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

فَأَيْنَ تَذْهَبُونَ ﴿٢٦﴾

﴾26﴿ അപ്പോൾ, എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?!

إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٢٧﴾

﴾27﴿ അത് ലോകർക്കുവേണ്ടിയുള്ള ഒരു ഉപദേശം (അഥവാ ഉൽബോധനം) അല്ലാതെ (മറ്റൊന്നും) അല്ല.

لِمَن شَآءَ مِنكُمْ أَن يَسْتَقِيمَ ﴿٢٨﴾

﴾28﴿ അതായത് നിങ്ങളിൽനിന്ന് ചൊവ്വിന് നിലകൊള്ളുവാൻ ഉദ്ദേശിച്ചവർക്കുവേണ്ടി.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٢٩﴾

﴾29﴿ ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല താനും.

﴾26﴿ فَأَيْنَ അപ്പോൾ (എന്നിരിക്കെ) എങ്ങോട്ടാണ്, എവിടെ تَذْهَبُونَ നിങ്ങൾ പോകുന്നു, പോകും ﴾27﴿ إِنْ هُوَ അതല്ല إِلَّا ذِكْرٌ ഒരു ഉപദേശം (സ്മരണ, ഉൽബോധനം) അല്ലാതെ لِّلْعَٰلَمِينَ ലോകർക്കുവേണ്ടി ﴾28﴿ لِمَن شَآءَ അതായത് ഉദ്ദേശിച്ചവർക്ക് مِنكُمْ നിങ്ങളിൽനിന്ന് أَن يَسْتَقِيمَ താൻ ചൊവ്വിന് നിൽക്കുവാൻ ﴾29﴿ وَمَا تَشَآءُونَ നിങ്ങൾ ഉദ്ദേശിക്കുന്നതല്ലതാനും إِلَّآ أَن يَشَآءَ ഉദ്ദേശിക്കുന്നതായാലല്ലാതെ ٱللَّهُ അല്ലാഹു رَبُّ ٱلْعَٰلَمِينَ ലോകരുടെ രക്ഷിതാവായ

വാസ്തവം മേൽ വിവരിച്ച പ്രകാരത്തിലാണുള്ളത്. എന്നിരിക്കെ നിങ്ങളുടെ ദുർന്യായങ്ങളും കള്ളവാദങ്ങളും സ്ഥാപിക്കുവാൻ എന്ത് മാർഗമാണ് നിങ്ങൾക്കുള്ളത്? എവിടെപ്പോയിട്ടാണ് നിങ്ങൾക്കതിന് സാധ്യമാകുക? ഇല്ല, ഒന്നുമില്ല. എവിടെയുമില്ല. ലോകർക്ക് ആകമാനം വേണ്ടിയുള്ള ഉപദേശവും ഉൽബോധനവും മാത്രമാണ് ഈ ക്വുർആൻ. ഇതാണ് പരമാർത്ഥം. പക്ഷേ, നേർമാർഗത്തിൽ ചൊവ്വിന് നിലകൊള്ളുവാൻ ഉദ്ദേശിക്കുന്നവർക്കേ അതിന്റെ പ്രയോജനം ലഭിക്കയുള്ളൂ. നേരെമറിച്ച് നിങ്ങളെപ്പോലെ നിഷേധത്തിലും മർക്കടമുഷ്ടിയിലും നിലകൊള്ളുന്നവർക്ക് അതുകൊണ്ട് നേട്ടമൊന്നും കൈവരുവാനില്ല എന്ന് സാരം. 'ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതല്ല' എന്ന് അല്ലാഹു അവസാനമായി ഉണർത്തിയിരിക്കുന്നു. ഒരു വമ്പിച്ച മൗലിക യാഥാർത്ഥ്യമാകുന്ന ഈ വിഷയത്തെപ്പറ്റി സൂറത്തുൽ ഇൻസാൻ 30 -ാം വചനത്തിന്റെ വിവരണത്തിൽ വായിച്ചത് ഓർക്കുക.

19 -ാം വചനത്തിൽ رسول كريم (മാന്യനായ ഒരു ദൂതൻ) എന്ന് പറഞ്ഞത് ജിബ്‌രീൽ (അ) എന്ന മലക്കിനെ ഉദ്ദേശിച്ചാണെന്നും, ക്വുർആൻ അദ്ദേഹത്തിന്റെ വാക്കാണെന്ന് പറഞ്ഞതിന്റെ താൽപര്യം അദ്ദേഹമാണ് അല്ലാഹുവിങ്കൽ നിന്ന് അത് ഏറ്റുവാങ്ങി നബിﷺക്ക് ഓതിക്കൊടുക്കുന്നതെന്നാണെന്നും മേൽ വിവരിച്ചതിൽനിന്ന് സ്പഷ്ടമാണല്ലോ. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിരിക്കുന്നതും ഇതുതന്നെയാണ്. എന്നാൽ 'മാന്യനായ ദൂതൻ' എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചാണെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്. 20 മുതൽ 23 കൂടിയ വചനങ്ങൾ ശാന്തമായി പരിശോധിക്കുമ്പോൾ ഈ അഭിപ്രായത്തിന് പ്രസക്തിയില്ലെന്ന് കാണാവുന്നതാണ്. 22 -ാം വചനത്തിൽ صاحبكم (നിങ്ങളുടെ ചങ്ങാതി) എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചാണെന്നുള്ളതിൽ സംശയമില്ല. വഹ്‌യ് ലഭിക്കുന്നത് മലക്ക് മുഖാന്തരമായതുകൊണ്ട് ആദ്യം മലക്കിന്റെ വിശ്വാസ്യതയും യോഗ്യതയും ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. തുടർന്നുകൊണ്ട് 23 -ാം വചനത്തിൽ രണ്ട് ദൂതൻമാരും- മലക്കാകുന്ന ദൂതനും മനുഷ്യനാകുന്ന ദൂതനും- തമ്മിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള വസ്തുതയും ചൂണ്ടിക്കാട്ടിയിരിക്കുന്നു. പിന്നീട് 24 -ാം വചനത്തിൽ നബിﷺയെക്കുറിച്ച് യാതൊരു ആശങ്കക്കും അവകാശമില്ലെന്നും 25ൽ നിഷേധികളുടെ ജൽപനം വെറും മിഥ്യയാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

മാന്യനായ ഒരു ദൂതൻ (رسول كريم) എന്ന് 19 -ാം വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് നബിﷺയെയാണെന്ന അഭിപ്രായം സ്വീകരിച്ചുകൊണ്ട് തുടർന്ന് പറഞ്ഞ വിശേഷണങ്ങളെല്ലാം നബിﷺയുടേതാക്കി വ്യാഖ്യാനിക്കുവാൻ സാഹസപ്പെടുന്ന കൂട്ടത്തിൽ ചില പുത്തൻ വ്യാഖ്യാനക്കാർ- സൂറത്തുന്നജ്മിൽ അവർ ചെയ്തിരിക്കുന്നതുപോലെ- വ്യഥാശ്രമം ഇവിടെയും നടത്തിക്കാണുന്നു. അങ്ങനെ, 23 -ാം വചനത്തിന് അല്ലാഹു നബി ﷺയെ തെളിഞ്ഞ മണ്ഡലത്തിലാണ് കണ്ടതെന്നും, അഥവാ 'തിരുമേനി ഉന്നതനിലവാരത്തിലുള്ള ആളാണെ'ന്നും

മറ്റും അര്‍ത്ഥവ്യാഖ്യാനം നല്‍കിയിരിക്കുന്നു. സൂറത്തുന്നജ്മില്‍വെച്ച് ഇവരുടെ ഈ അര്‍ത്ഥവ്യാഖ്യാനത്തിന്റെ പൊള്ളത്തരവും, അതിന് ഇവരെ പ്രേരിപ്പിച്ച ചേതോവികാരവും നാം എടുത്തുകാട്ടിയിട്ടുണ്ട്. അതിനാല്‍ ഇവിടെ കൂടുതല്‍ വിശദീകരിക്കുന്നില്ല. എന്നാലും, 'മാന്യനായ ദൂതന്‍ (رسول كريم)' എന്ന വാക്ക് നബിﷺയെ ഉദ്ദേശിച്ച് തന്നെയാണെന്ന് താല്‍പര്യപൂര്‍വ്വം സമര്‍ത്ഥിക്കുവാന്‍ ഇവര്‍ കൊണ്ടുവന്ന ചില ന്യായങ്ങളെക്കുറിച്ച് അല്പമൊന്ന് ഉണര്‍ത്തേണ്ടിയിരിക്കുന്നു. സൂറത്തുല്‍ ഹാക്വ്വഃ 40 -ാം വചനത്തില്‍ ഇതേവാക്ക് (رسول كريم എന്ന്) നബിﷺയെ ഉദ്ദേശിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇവിടെയും അങ്ങനെത്തന്നെ ആയിരിക്കണമെന്നാണ് ഇവരുടെ ന്യായം. ദൂതന്റെ വിശേഷണമായി (21 -ാം വചനത്തില്‍) വിശ്വസ്തന്‍ (أمين) എന്ന് പറഞ്ഞുവല്ലോ. നബി തിരുമേനിﷺക്ക് വിശ്വസ്തന്‍ (الأمين) എന്നൊരു സ്ഥാനപ്പേര്‍ പറയപ്പെട്ട് വന്നിരുന്നത് പ്രസ്താവ്യവുമാണ്. ആകയാല്‍ മാന്യനായ ദൂതന്‍ നബി ﷺ തന്നെയാണെന്നുള്ളതിന് ഇതും ഒരു തെളിവാണ് എന്നത്രെ മറ്റൊരു ന്യായം.

ഒന്നാമത്തെ ന്യായത്തിനുള്ള മറുപടി ഇതാണ്: സൂറത്തുല്‍ ഹാക്വ്വഃയില്‍ മാന്യനായ ഒരു ദൂതന്‍ (رسول كريم) എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചു തന്നെ. സംശയമില്ല. അതുകൊണ്ട് ഈ വാക്ക് കാണുന്നിടത്തെല്ലാം അത് നബിﷺയെ ഉദ്ദേശിച്ചാവണമെന്നില്ല. ഒരു നിശ്ചിത വ്യക്തിയെപ്പറ്റി മാത്രം പറയപ്പെടാവുന്ന ഒരു പ്രത്യേകനാമം (معرفة) അല്ല അത്. കേവലം മാന്യനും ദൂതനുമായ ഏതൊരാളെക്കുറിച്ചും പറയപ്പെടാവുന്ന ഒരു സാമാന്യനാമം (نكرة) മാത്രമാണത്. മലക്കെന്നോ മനുഷ്യനെന്നോ ഉള്ള വ്യത്യാസത്തിനും അതില്‍ പരിഗണനയില്ല. മാത്രമല്ല, സൂ: ഹാക്വ്വഃയിലെ സന്ദര്‍ഭവും, ഈ സൂറത്തിലെ സന്ദര്‍ഭവും വ്യത്യസ്തമാണ് താനും. ഇത് സംബന്ധിച്ച് നാം അവിടെ ഉണര്‍ത്തിയിട്ടുമുണ്ട്. രണ്ടാമത്തെ ന്യായത്തിന്റെ മറുപടി ഇതാണ്. أمين എന്ന വിശേഷണവും തന്നെ സാമാന്യനാമമായിട്ടാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. നബിﷺയുടെ പ്രത്യേക വിശേഷണമെന്ന നിലക്കായിരുന്നു അതിവിടെ പറഞ്ഞിരുന്നതെങ്കില്‍ അതില്‍ അല്‍ (أل) എന്ന അവ്യയം ചേര്‍ത്ത് الأمين എന്ന പ്രത്യേകിപ്പിക്കുമായിരുന്നു. അങ്ങനെ ചെയ്യാത്ത സ്ഥിതിക്ക് അത് നബിﷺയുടെ വിശേഷണമായിരിക്കണമെന്നുള്ളതിന് അത് തെളിവല്ല. പല നബിമാരെക്കുറിച്ചും സൂ: ശുഅറാഇല്‍ رسول أمين (വിശ്വസ്തനായ ഒരു ദൂതന്‍) എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. ഇതിനുപുറമെ, അതേ സൂറത്തില്‍ ജിബ്‌രീലിനെക്കുറിച്ച് തന്നെ الروح الأمين (വിശ്വസ്തനായ ആത്മാവ്) എന്ന് ال ചേര്‍ത്ത് പ്രസ്താവിച്ചിട്ടുമുണ്ട്. (അറബിവ്യാകരണത്തില്‍ അല്പമെങ്കിലും പരിചയം നേടിയവര്‍ക്കെല്ലാം വേഗം മനസ്സിലാക്കാവുന്നതത്രെ ഈ വ്യത്യാസം.) ചില സ്വന്തം താല്‍പര്യങ്ങളെ മനസ്സില്‍ വെച്ചുകൊണ്ട് അവയുടെ സംരക്ഷണത്തിനും നീതികരണത്തിനും വേണ്ടി നടത്തപ്പെടുന്ന ദുര്‍വ്യാഖ്യാനം എന്നതില്‍ കവിഞ്ഞ് ഇതിലൊന്നും യാതൊരു കഴമ്പുമില്ല.

هدانا الله إلى صراط المستقيم وله الحمد والمنة والفضل